"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ സീനിയർ ക്ലാർക്ക്, ശ്രീ.വി.ഐ.അനുവിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നല്കുന്നതിന് - അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.356/2023/F&WLD** **തീയതി,തിരുവനന്തപുരം, 23-09-2023**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.11.2022, KFDHQ/3424/2022-ADMIN/H2 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിലെ സീനിയർ ക്ലാർക്കും, നിലവിൽ എം.എൽ.എ -യുടെ പേഴ്സണൽ അസിസ്റ്റന്റായി സേവനം ചെയ്യുന്ന ശ്രീ.വി.ഐ.അനു, ഭാര്യയുടെ കരൾ സംബന്ധമായ ചികിത്സയ്ക്കായി തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ശുപാർശ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വകുപ്പിലെ സീനിയർ ക്ലാർക്കും, നിലവിൽ എം.എൽ.എ -യുടെ പേഴ്സണൽ അസിസ്റ്റന്റായി സേവനം ചെയ്യുന്ന ശ്രീ.വി.ഐ.അനുവിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് 14.02.2019 - 06.05.2020 കാലയളവിൽ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 73,355/- രൂപയുടെ **80** ശതമാനമായ **58,684/- രൂപ (അൻപത്തി എട്ടായിരത്തി അറുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം)** പ്രതിപൂരണം ചെയ്തു നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം (അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

ശ്രീ.അനു.വി.ഐ, സീനിയർ ക്ലാർക്ക്, വനം വകുപ്പ് ആസ്ഥാനം,(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ(ലോൺസ്) വകുപ്പ്(നം.1204458/എൽ3/298/2019/ധന,തീയതി. 08/09/2023)
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 23-09-2023 17:34:52
സെക്ഷൻ ഓഫീസർ.